"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - തൃശ്ശൂർ ജില്ലയിലെ കുഴിക്കാട്ടുശ്ശേരി സെന്റ് മേരീസ് ജി.എച്ച്.എസ്-ലെ ജൂനിയർ ഹിന്ദി അദ്ധ്യാപികയായ സിസ്റ്റർ.റെജി.എ.എ-യ്ക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3670/2025/GEDN തീയതി,തിരുവനന്തപുരം, 05-06-2025

പരാമർശം:-

1. തൃശ്ശൂർ ജില്ലയിലെ കുഴിക്കാട്ടുശ്ശേരി സെന്റ് മേരീസ് ജി.എച്ച്.എസ്.-ലെ ജൂനിയർ ഹിന്ദി അദ്ധ്യാപികയായ സിസ്റ്റർ.റെജി.എ.എ സമർപ്പിച്ച 05/08/2024-ലെ അപേക്ഷ.
2. ഇരിഞ്ഞാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24.08.2024 ലെ DEOIJK/3283/2024-B5 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ കുഴിക്കാട്ടുശ്ശേരി സെന്റ് മേരീസ് ജി.എച്ച്.എസ്.-ലെ ജൂനിയർ ഹിന്ദി അദ്ധ്യാപികയായ സിസ്റ്റർ.റെജി.എ.എ-യ്ക്ക് പഠനാവശ്യത്തിനായി 05.08.2024 മുതൽ 31.10.2025 വരെ 453 ദിവസത്തേക്ക് ശൂന്യവേതനാവധിയും 01.11.2025 മുതൽ 31.03.2026 വരെ 151 ദിവസത്തേക്ക് അർദ്ധവേതനാവധിയും അനുവദിക്കുന്നതിനായി സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള അപേക്ഷ പരാമർശം (2) പ്രകാരം ഇരിഞ്ഞാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്ത് സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ പ്രസ്തുത വിഷയം പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ കുഴിക്കാട്ടുശ്ശേരി സെന്റ് മേരീസ് ജി.എച്ച്.എസ്.-ലെ ജൂനിയർ ഹിന്ദി അദ്ധ്യാപികയായ സിസ്റ്റർ.റെജി.എ.എ-യ്ക്ക് ക്രെഡിറ്റിലെ ലഭ്യതയ്ക്ക് വിധേയമായി 01.11.2025 മുതൽ 31.03.2026 വരെയുള്ള അർദ്ധവേതനാവധി നിയമനാധികാരി തലത്തിൽ തന്നെ അനുവദിക്കുവാനുള്ള നിർദ്ദേശം നൽകിക്കൊണ്ടും, പഠനാവശ്യത്തിനായി 05.08.2024 മുതൽ 31.10.2025 വരെ (03/08/2024, 04/08/2024 തീയതികൾ മുൻചേർത്ത്), പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ, ഹയർ ഗ്രേഡ്, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു.

3. അവധി സംബന്ധിച്ച വിവരങ്ങൾ ടിയാളുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASWATHY K

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഇരിങ്ങാലക്കുട.
സിസ്റ്റർ.റെജി.എ.എ, ജൂനിയർ ഹിന്ദി അദ്ധ്യാപിക, സെന്റ് മേരീസ് ജി.എച്ച്.എസ്, കുഴിക്കാട്ടുശ്ശേരി, തൃശ്ശൂർ.-680697
ഹെഡ്മിസ്ട്രസ്സ്, സെന്റ് മേരീസ് ജി.എച്ച്.എസ്, കുഴിക്കാട്ടുശ്ശേരി, തൃശ്ശൂർ.-680697
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (E-2934946/EDN-A2/379/2024-FIN, തീയതി.30/03/2025-ലെ കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 05-06-2025 15:37:05